# ബിഷപ്പ് ഹോഡ്ജസ്
# എച്ച്.എസ്.എസ്
## മാവേലിക്കര

## ലിറ്റിൽ കൈറ്റ്സ്
### യൂണിറ്റ്



# ദളങ്ങൾ

# ആമുഖം

പ്രളയാനന്തരം തളർന്ന കേരളത്തിന് ഒരുപാട് സ്വപ്നങ്ങളുണ്ട് ഭാവനയുടെ പുതിയ ആകാശവും, പുതിയ ഭൂമിയും ഒത്തൊരുമയുടെ പുതിയ മനസ്സും നമ്മിൽ വിടരട്ടെ. ഈ മാഗസിനിലെ ദളങ്ങൾ മറിക്കുമ്പോൾ ഒരുമയുടെ പുതിയ ഭാവുകത്വം നമ്മിൽ വടരട്ടെ. കൈതാങ്ങൽ നൽകിയ എല്ലാ ഗുരുക്കന്മാർക്കും ഒരു പിടി മലർമുട്ടുകൾ സമ്മാനിച്ചു കൊണ്ട് ഈ വായനയുടെ വസന്തം നിങ്ങൾക്കായി സമർപ്പിക്കുന്നു.

എഡിറ്റർ
അഃുല്യ ആർ കൃഷ്ണൻ

## പ്രഥമാധ്യാപകനിൽ നിന്നും....

ബിഷപ്പ് ഹോഡ്ജസ് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ മലയാളം മാഗസിൻ നിർമ്മാണത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു. സ്കൂളിലെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് ലിറ്റിൽ കൈറ്റ്സ് എന്നെന്നും മുതൽകൂട്ടാണ്. തുടർന്നും ക്ലാസ്സുകളിൽ സജീവമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ നിങ്ങൾക്കാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നിങ്ങളുടെ തൂലികകൾ അനന്തമായ നീലിമയിൽ പറന്ന് പറന്ന് ഉയരട്ടെ.

നിങ്ങളുടെ
ഹെഡ്മാസ്റ്റർ
ജോർജ്ജ് വർഗ്ഗീസ്

## നേതൃനിരയിൽ നിന്നും

കഴിഞ്ഞ വർഷത്തെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിൽ പങ്കെടുത്ത കൊച്ചു മിടുക്കൻമാരുടെയും മിടുക്കിമാരുടെയും തൂലികകൾ ഈ മാഗസിനെധന്യമാക്കട്ടെ... ഭാവനകളുടെ അനന്ത മായ സാധ്യതകൾ അറിവിന്റെ വർണ്ണങ്ങൾ നിങ്ങളിലൂടെ വിരിയട്ടെ. മാതൃഭാഷയുടെ ഡിജിറ്റൽ ഉപയോഗം ഈ പ്രവർത്തനത്തിലൂടെ ഫലപ്രാപ്തിയിൽ എത്തി എന്നു വിശ്വസിക്കുന്നു. എല്ലാ ഭാവു കങ്ങളും നേരുന്നു.

കൈറ്റ്സ് മാസ്റ്റർ
**മോൻസി മാത്യൂസ്**

കൈറ്റ്സ് മിസ്ട്രസ്സ്
**ജൂലി എം ഈപ്പൻ**

# അനുസരണ ഇല്ലാത്ത കോഴിക്കുഞ്ഞ്

ഒരു കോഴിക്കുഞ്ഞ് അമ്മയെ അനുസരിച്ച് നല്ലകുട്ടിയായി ജീവിച്ചു വന്നു. ഒരിക്കൽ അവൻ തെണ്ടിനടക്കുന്ന ഒരു താറാവിൻകു ഞ്ഞിനെകണ്ടെത്തി. ഞാൻ പാടത്തേക്ക് പോവുകയാണ് നീ കൂടെ പോരുന്നോ. താറാവിൻകുഞ്ഞ് കോഴിക്കുഞ്ഞിനോട് ചോദിച്ചു. കോഴി ക്കുഞ്ഞ് ആദ്യം വിചാരിച്ചു അമ്മയോട് ചോദിക്കണമെന്ന്. പക്ഷേ ചോദി ച്ചാൽ അമ്മ വിടില്ല. അതുകൊണ്ട് ചോദിക്കാതെ പോകാമെന്ന് കോഴി ക്കുഞ്ഞ് തീരുമാനിച്ചു.

അങ്ങനെകോഴിക്കുഞ്ഞ് അമ്മ അറിയാതെ താറാവിൻകുഞ്ഞിന്റെ കൂടെ പാടത്തേക്കുപോയി. നെൽപ്പാടത്ത് നെൽമണികൾ കൊത്തി തിന്ന് താറാവിൻകുഞ്ഞും കോഴിക്കുഞ്ഞും കുറച്ചുനേരം സന്തോഷിച്ചു. പെട്ടെന്ന് അവിടെയൊരു പരുന്ത് വന്നെത്തി. അവൻ താറാ വിൻകുഞ്ഞിനെറാഞ്ചാൻ ശ്രമിച്ചു. പക്ഷേ താറാവിൻകുഞ്ഞ് അതിവേഗം വെള്ളത്തിൽ ചാടി നീന്തി രക്ഷപ്പെട്ടു.

പരുന്ത് ഉടനെകോഴിക്കുഞ്ഞിനെപിടിക്കാനൊരുങ്ങി. പാവം കോഴി ക്കുഞ്ഞ് അവൻ പേടിച്ചു നിലവിളിച്ചു. അവനു വെള്ളത്തിലിറങ്ങി നീന്താ നൊന്നും കഴിയില്ലല്ലോ.............. പരുന്ത് അവനെറാഞ്ചി എടുത്ത് പറന്നു പോയി. അനുസരണ ഇല്ലായ്മയ്ക്ക് കോഴിക്കുഞ്ഞിന് നഷ്ടപ്പെട്ടത് അവന്റെ ജീവൻ തന്നെയായിരുന്നു.

ആനന്ദ് എസ് കുമാർ

# മതിലേരിക്കന്നി

തിരുവെഴുത്താോലാതു കണ്ടോണ്ടാരെ
കിടുകിടെ പൊട്ടക്കരഞ്ഞേകന്നി
കണ്ണീരും കൈയ്യായി നിന്നവള്
കരഞ്ഞും പറഞ്ഞല്ലോ കുഞ്ഞിക്കന്നി;
കനകം നാളേറെ മനം കൊതിച്ച്
കരളിനകത്തുള്ള നാടുവാഴിക്ക്
അറിയാതെയായിരം കുറ്റം കണ്ട്
അതിനെന്തുടയോനെ! വേണ്ടത് ഞാനേ
ഓലുണ്ടെരിപൊരിയങ്കത്തില്
ഞാനുണ്ടിപ്പട്ടൂരിക്കട്ടുമ്മല്
ഓലുണ്ടമ്മമണ്ണിലും ചോരയിലും
ഞാനുണ്ടീയേഴ്തട്ട് മാള്യേമ്മല്
പൊറുക്കുന്നില്ലച്ഛാ പൊറുക്കുന്നില്ലേ
നെഞ്ചുണ്ടിരുമ്പൊലച്ചൂളയാവുന്നേ!
പതിനേഴാം കോപ്പും തലതേഞ്ഞിറ്റ്
പതിനെട്ടോടത്താഴം വെച്ചെനക്ക്
ഇരുപത്തിയാറ് വയസ്സവർക്ക്
തിരുമേനി പടയിലെന്തേം വന്നെങ്കില്
എവിടെ വെച്ചച്ഛാ പൊറുക്കും ഞാനേ
നാടുവാഴിതെളിഞ്ഞാലേഞാൻതെളിയൂ!
നാടുവാഴീരുന്നാലേഞാനിരിക്കൂ
നാളത്തേപുല്ലപുലരുംകാലം
വേണാട്പൂങ്കൊയിലോം പോണെനക്ക്
മെയ്യാല്ലാം കണ്ണായിത്തോസ്യെനക്ക്
തലവൻ പടനായരത്തേടിയച്ഛൻ
കേക്ക് മലയോരം കാരണ്ടാലോ
പന്തിരണ്ടോമനത്തിരുവയസ്സിൽ
പയറ്റിത്തെളിഞ്ഞ് പണിക്കരാക്കി
അടവും തൊഴിലും പഠിപ്പിച്ചച്ഛൻ
പടനിലച്ചന്തം പഠിപ്പിച്ചുച്ഛൻ
ആണായും പെണ്ണായും പോറ്റ്യേൻച്ഛൻ
അച്ഛൻകനിവെന്നോടുണ്ടെങ്കല്
പടപൊയ്തുതാപ്പൂട്ടി വന്നോളാലോ'

സമ്പാദനം - അനു ത്രേസ്യ

# ബുദ്ധിമാനായ തെന്നാലിരാമൻ

കൃഷ്ണദേവരായരുടെ കൊട്ടാരത്തിലെ അറിയപ്പെടുന്ന ഒരു ചിത്രകാരനായിരുന്നു രാജവർമ്മ. അദ്ദേഹത്തിന്റെ ചിത്രങ്ങൾ എല്ലാം രാജാവിന് ഇഷ്ടപ്പെട്ടതുകൊണ്ട് രാജവർമ്മയെ അദ്ദേഹം അവിടുത്തെ മുഖ്യമന്ത്രിയാക്കി. രാജവർമ്മയ്ക്ക് ആ അംഗീകാരം ഇഷ്ടമായില്ല. കാരണം അദ്ദേഹത്തിന് ആ ജോലിയെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു. അതുകൊണ്ടുതന്നെ അവിടുത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അതിൽ രാജാവി ദു:ഖിതനായിരുന്നു.

അങ്ങനെയിരിക്കെ ജനങ്ങളുടെ ആവശ്യപ്രകാരം ബുദ്ധിയുടെ രാജാവായ തെന്നാലിരാമനെക്ഷണിച്ചു. കാര്യം അറിഞ്ഞപ്പോൾ രാമൻ രാജാവിനെയും അദ്ദേഹത്തിന്റെ മന്ത്രിയെയും ഉച്ചഭക്ഷണത്തിന് വിളിച്ചു. അവർക്ക് ഭക്ഷണമൊരുക്കാൻ അവിടുത്തെ അറിയപ്പെടുന്ന തടിപ്പണിക്കാരനെവരുത്തി. രാജാവിനും മറ്റുള്ളവർക്കുംഭക്ഷണം ഇഷ്ടപ്പെട്ടില്ല. രാജാവിന് ദേഷ്യംവന്നു. ഇങ്ങനെഭക്ഷണമുണ്ടാക്കിയത് ആരാണെന്നും അദ്ദേഹം കോപത്തോടെ ചോദിച്ചു. രാമൻ പറഞ്ഞു ഇവിടുത്തെ തടിപ്പണിക്കാരനാണ് അങ്ങേയ്ക്ക് ഭക്ഷണം ഒരുക്കിയത്. ഇതുകേട്ട രാജാവ് രാമനോടു ചോദിച്ചു. എന്തൊരു ബുദ്ധിയില്ലായ്മയാണിത്. അദ്ദേഹം നല്ലൊരു തടിപ്പണിക്കാരൻ ആയിരിക്കാം. പക്ഷെ നല്ലൊരു പാചകക്കാരൻ അല്ല.

ഇതുകേട്ട രാമൻ സൗമ്യമായി രാജാവിനോട് പറഞ്ഞു. ഒരു ചിത്രകാരന് മന്ത്രിആകാമെങ്കിൽ ഒരു തടിപ്പണിക്കാരന് എന്തുകൊണ്ട് പാചകക്കാരൻ ആയിക്കൂടാ. അപ്പോഴാണ് രാജാവിന് തന്റെ തെറ്റ് മനസ്സിലായത്. അടുത്തദിവസംതന്നെ രാജവർമ്മയെ അദ്ദേഹത്തിന്റെ യഥാർത്ഥ ജോലി ചെയ്യാൻ അനുവദിച്ചു.

ശോഭൻമാത്യു വർഗ്ഗീസ്

# <u>മഴവിൽ ചന്തം</u>

അഴകേ അഴകേ മഴവില്ലേ
അരികത്തോ നീ അകലത്തോ
അങ്ങ് ദൂരേ മാനത്തോ
മറഞ്ഞിരിക്കുവതെന്തിനു നീ
അഴകേ അഴകേ മഴവില്ലേ
ഏഴഴകുള്ള മഴവില്ലേ
മാനത്തൂന്ന് ചിരി തൂകി
പയ്യെ പയ്യെ ഓടല്ലേ നീ..............

# ഈ വീടിനു സമാധാനം

ഒരിടത്ത് രണ്ട് സഹോദരന്മാർ ഉണ്ടായിരുന്നു. മൂത്തവൻ രാമുവും ഇളയവൻ ശമ്പുവും. അവർ സ്കൂളിലൊന്നും പോയിട്ടില്ല. ചെറുപ്പത്തിൽത്തന്നെ അവരുടെ അമ്മയും അച്ഛനും മരിച്ചുപോയിരുന്നു. അവർ വളരെ പ്രയാസത്തിലായിരുന്നു ജീവിതം മുന്നോട്ട് കൊണ്ടുപോയിരുന്നത്. ഒരുദിവസം അവർ ഒരു ഗ്രാമത്തിലെത്തി. അവിടെ ഡാനിയേൽ എന്നുപേരുള്ള ഒരു ധനവാൻ ഉണ്ടായിരുന്നു. ഡാനിയേലിന്റെ ഭാര്യയുടെ പേര് മരിയ എന്നായിരുന്നു. രാമുവും ശമ്പുവും വഴിയിലൂടെ വിശന്ന് കുഴഞ്ഞ് നടക്കുകയായിരുന്നു. ഡാനിയേലിന്റെ വീടിനു മുമ്പിൽ എത്തിയപ്പോൾ ശമ്പു പറഞ്ഞു 'ചേട്ടാ നമ്മക്ക് ഈ വീട്ടിൽ എന്തെങ്കിലും ജോലി ഉണ്ടോന്ന് അന്വേഷിച്ചാലോ.' അങ്ങനെഅവർ വീടിന്റെ മുറ്റത്തെത്തി. അപ്പോൾ ഡാനിയേലും മരിയയും സംസാരിക്കുന്നത് അവർ കേട്ടു.

(ഡാനിയേൽ : "മരിയ, എന്നെ അച്ചൻ മേടയിലേക്ക് ക്ഷണിച്ചിട്ടുണ്ട്. ഞാൻ അവിക്കേ് പോകുകയാണ്."

മരിയ : "ശരി, നമ്മുടെ തോട്ടത്തിൽ നിന്നും പറിച്ച ആപ്പിളും മുന്തിരിയും കുറച്ച് അച്ചന് കൊടുക്ക്."

ഡാനിയേൽ : ഞാൻ അവിടെ ചെന്നിട്ട് ആരെയെങ്കിലും പറഞ്ഞുവിടാം. അവർ നിന്നോട് 'ഈ വീടിനു സമാധാനം' എന്നു പറഞ്ഞാൽ മാത്രമേ സാധനം കൊടുത്തുവിടാവു.)

കേട്ടുനിന്ന രാമുവും ശമ്പുവും പോയി ഒളിച്ചു. ഡാനിയേൽ പോയതിനുശേഷം രാമു മാത്രം ചെന്നു. മരിയയോട് 'ഈ വീടിനു സമാധാനം' എന്നു പറഞ്ഞു. അപ്പോൾ മരിയ സാധനങ്ങൾ കൊടുത്തുവിട്ടു. അവർ രണ്ടുപേരും അതു ഭക്ഷിച്ചു. രാമു പറഞ്ഞു. എനിക്ക് ഇത് ഒന്നുമായില്ല. അവിടെ കുറച്ചുകൂടി ഇരിപ്പുണ്ട്. നീ അതുപോയി വാങ്ങിക്കൊണ്ടു വരണം. ശമ്പു ആ വീട്ടിലേക്ക് നടന്നു. അപ്പോഴേക്കും ഡാനിയേൽ വീട്ടിൽ തിരിച്ചെത്തിയിരുന്നു. ഡാനിയേലിന് അച്ചനെകാണുവാൻ സാധിച്ചിരുന്നില്ല. ശമ്പു വീട്ടിലെത്തി. വീടിനകത്തിരുന്നുകൊണ്ട് ഇവർ രണ്ടുപേരും ശമ്പുവിനെകണ്ടു. അപ്പോൾ മരിയ ഡാനിയേലിനോടു പറഞ്ഞു. ഇവനെപ്പോലൊരു ചെറുക്കനാണ് നേരത്തെ വന്ന് സാധനം മേടിച്ചത്.

മരിയ വെളിയിലേക്ക് ഇറങ്ങിവന്ന് ചോദിച്ചു. എന്തുവേണം. അപ്പോൾ അവൻ പറഞ്ഞു. 'ഈ വീടിനു സമാധാനം' മരിയ പറഞ്ഞു. നേരത്തെ വന്നവൻ വന്നാലേ സാധനം തരൂ. അവൻ രാമുവിനെവിളിക്കാൻ പോയി. മരിയ ഡാനിയേലിനോടു കാര്യം പറഞ്ഞു. അവർ അവനായി കാത്തിരുന്നു. കുറച്ചുകഴിഞ്ഞ് അവൻ എത്തി. ഡാനിയേൽ വെളിയിലേക്ക് വന്നുചോദിച്ചു. നിങ്ങൾ ആരാണ് ഇവിടെ നിന്നും എടുത്ത സാധനം എന്തിയേ. അപ്പോൾ അവൻ പറഞ്ഞു. നിങ്ങൾ എന്താ ഇങ്ങു പേരുന്നേ. അച്ചൻ അവിടെ നിങ്ങളേയും കാത്തിരിക്കുകയാണ്. അച്ചൻ പറഞ്ഞിട്ടാ ഞാൻ (ശമ്പുവിനെചൂണ്ടിക്കാണിച്ചുകൊണ്ട്) ഇവനെപറഞ്ഞുവിട്ടത്. ഡാനിയേൽ പറഞ്ഞു. ശരി അതുംകൂടെ കൊണ്ടുപോയി കൊടുക്ക്. ഞാൻ എത്തിയേക്കാം. അവർ അതും എടുത്ത് ആ സ്ഥലം വിട്ടു. പിന്നെ ആരും അവരെ അവിടെ കണ്ടില്ല.

ഷാരോൺ അലിയാസ് ജോൺസൺ

# കാലം

മാറിമാറിവരുമെൻ ചുണ്ടിലേ
തേൻകണം പോൽ
മധുരമാം നിന്നുടെ ഓർമ്മ
എന്റെ ജനനം അതിനും ജനനം
എന്റെ അന്ത്യം അതിനും അന്ത്യം
കാലങ്ങൾക്ക് സുഗന്ധമേകി
പലകാഴ്ചകളും
അതിന് സുഗന്ധം പകരാൻ-
പല അനുഭൂതികളും
കാലമാം യാത്രയിൽ
നാം ഇരുവരും ഒരുമയിൽ
വേണം എന്നെന്നു എന്നും
കാലത്തിൽ ഹൃദ്യമാം
ഓർമ്മകൾ മാത്രമല്ലോ ജീവിതം

ജെസിൻ ജോസ്

# കേരളത്തിലെ വെള്ളപ്പൊക്കം (2018)

2018 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് 2018-ലെ കേരള വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത് അതിശക്തമായ മഴയെത്തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുൾപൊട്ടലുമുണ്ടായി.അണക്കട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നുവിട്ടത്വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു.ചരിത്രത്തിലാദ്യമായി കേരളത്തിലെ 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്നുവിടേണ്ടി വന്നു.26 വർഷത്തെ ഇടവേളക്കു ശേഷമാണ് ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകൾ ഒരുമിച്ചു തുറന്നത്.അതിശക്തമായ മഴയിൽ വയനാട് ജില്ല പൂർണ്ണമായും ഒറ്റപ്പെട്ടുവെന്നു പറയാം.നദികൾ കരകവിഞ്ഞൊഴുകിയത് റോഡ്,റെയിൽ,വ്യോമ ഗതാഗത ശ്യംഖലകളെ പ്രതിക്കൂലമായി ബാധിച്ചു.തൊണ്ണൂറ്റിയൊമ്പതിലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന 1924-ലെ പ്രളയത്തിനുശേഷം കേരളത്തിലുണ്ടായ ഏറ്റവും വലിയ പ്രളയമെന്നാണ് 2018-ലെ വെള്ളപ്പൊക്കം വിശേഷിക്കപ്പെടുന്നത്.കനത്ത മഴയിലും,പ്രളയത്തിലും ഉരുൾപൊട്ടലിലും ഏകദേശം 483 പേർ മരിച്ചതായും 14 പോരെ കാണാതായതായും 140 പേർ ആശുപത്രിയിൽ ആയതായും മുഖമന്ത്രി പിണറായി വിജയൻ പ്രളയാനന്തര പ്രവർത്തനങ്ങളെകുറിച്ച് ചർച്ച ചെയ്യാൻ ചേർന്ന പ്രത്യേക നിയമസഭാസമ്മേളനത്തെ അറിയിച്ചു.കാലവർഷം ശക്തമായ ഓഗസ്റ്റ 21-ന് 3,91,494 ലക്ഷം കുടുംബങ്ങളിൽ നിന്നായി 14,50,707 ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ജീവിക്കേണ്ട അവസ്ഥയിലെത്തി.കേരളത്തിലെ 14 ജില്ലകളിലും അതീവ ജാഗ്രതാ മുന്നറിയിപ്പ് പ്രഖ്യാപിച്ചു.

ആൻസി ജോർജ്ജ്

# <u>കൂട്ടുകാരി</u>

എന്റെ ജീവിതമാം കിളിക്കൂടിനുള്ളിൽ
ഒരു കിളിയായി നീകടന്നുവന്നു
അപ്രതീക്ഷിതമായി കണ്ടുമുട്ടിയെങ്കിലും
ആ നിമിഷം മുതൽ നീ എന്റെ തോഴിയായി
ഈ ജീവിതയാത്രയിൽ ഒരു നിഴലുപോൽ
തുണയായ് വന്നൊരാ കൂട്ടുകാരി
നീ എനിക്കെന്നുമെൻ ഉറ്റതോഴി
കയറുന്ന പടികളിൽ സമ്മാനമായി
എനിക്കൊരു കൊച്ചു പുഞ്ചിരി വിടർന്നിരുന്നു
വിദ്യതൻ അഭ്യാസാലയത്തിൽ വന്നു
ഒരുമിച്ചു നാം അറിവുനേടി
നേരിന്റെ പാത നീ നയിച്ചപ്പോഴോ
അറിയാതെ നിന്നെ ഞാൻ സ്നേഹിച്ചുപോയി
വളരുന്ന ലക്ഷ്യത്തെ താണ്ടി നിർത്തുവാൻ
തുണയായ് നീ എന്റെ ജീവനായി
വിജനമാം വഴികളിൽ കണ്ടു മുട്ടുമ്പോഴും
ഒരു പുഞ്ചിരിക്കായ് ഞാൻ കൊതിച്ചുപോകും
അകലുന്ന വഴികളിൽ പിരിയുന്ന നാളിൽ
ഒരോർമ്മയായ് നീ കടന്നുവന്നു
ഇനിയും നീ മാത്രമാണെന്റെ കൂട്ടുകാരി

റിനി പി തോമസ്

# പാളിപ്പോയ ബുദ്ധി

നാട്ടിൽ വെച്ച് കണ്ടുമുട്ടിയ ഒട്ടകത്തെ പാട്ടിലാക്കി അലികുറുക്കൻ കാട്ടിലെത്തിച്ചു. ഇവനെവേണ്ട വിധം ഉപയോഗപ്പെടുത്തിയാൽ തനിക്ക് രാജ പദവിയിൽ കഴിയാം. ഇവനാരെന്ന് കാട്ടു മൃഗങ്ങൾ ചോദിച്ചപ്പോൾ കുറുക്കൻ പറഞ്ഞത് കാട്ടുഭരിക്കാനായി വന്ന വനയക്ഷി രാജാവാണെന്നാണ്. മൃഗങ്ങൾ ഒട്ടകത്തെ സാഷ്ടാംഗ പ്രണാമം ചെയ്തു. അലികുറുക്കൻ ഒട്ടകത്തിന്റെ കാലിലൊന്നു ചവിട്ടിയപ്പോൾ അവൻ കാറി പറഞ്ഞു ഞാൻ കാട്ടിലെ രാജാവ്. യക്ഷിദേവി കാട്ടിലേക്കയച്ച എന്നെ ധിക്കരിച്ചാൽ കാട് ഞാൻ ഭസ്മമാക്കും. കാണണോ .......... ചുറ്റും കൂടിയ മൃഗങ്ങൾ ഭയന്നു നിൽക്കെ എന്താണിവിടെ ഒരു മൃഗക്കൂട്ടം എന്ന് ചോദിച്ച് സിംഹ രാജൻ മൃഗങ്ങളുടെ ഇടയിലേക്ക് ചാടി വീണു. ആ വീഴ്ചയിൽ മൃഗങ്ങൾ ചിതറിപോയി. സിംഹം ഒട്ടകത്തിനു നേരെ കൈ കൂപ്പിയിട്ട് ഭവ്യതയോടെ ചോദിച്ചു അലികുറുക്കനെവിടെ ഒട്ടകം ചുറ്റിനും നോക്കി കുറുക്കനെകാണാനില്ല. സിംഹം വരുന്നതുകണ്ടപ്പോഴെ അലികുറുക്കൻ സ്ഥലം വിട്ടിരുന്നു. നിന്നെ നാം ഒന്നും ചെയ്യുന്നില്ല. പോയ്ക്കോ.....നാട്ടിലേക്കു തന്നെ. കാട്ടിൽ കിടന്ന് ഞങ്ങൾക്ക് ഇരയാകേണ്ട. സിംഹം ഗർജ്ജിച്ചു.

ഒട്ടകം ഞെട്ടി വിറച്ചു. ഒട്ടകത്തിനു പറ്റിയ അമളി മനസ്സിലായി. പലരേയും പറ്റിച്ച അലിക്കുറുക്കനെവിടാൻ പാടില്ല. അവനെപിടികൂടി തൊഴിക്കണം. ഒട്ടകം മൃഗരാജനോട് മാപ്പ് ചോദിച്ച ശേഷം നാട്ടിലേക്കു യാത്രയായി.

ബിജോയ് ബാബു

# മഴവില്ല്

പെയ്ത് ഒഴിഞ്ഞുവോ..... മഴവില്ലേ..... നീ.....
എങ്ങു മാഞ്ഞുപോയ്.....?
നീലാകാശം ചാലിച്ച് എഴുതിയ
സപ്നവർണ്ണമേ നീ.....
എങ്ങു മാഞ്ഞുപോയ്..... (പെയ്ത്)

നീലാകാശ നിൻ മിഴിയിൽ നീ.....
ഒഴുകി ഒളിച്ചുവോ.....
കാർമേഘത്തിൻ ഹിമകണമായ്
നീ അലിഞ്ഞു ചേർന്നുവോ.....
നീ എങ്ങു മാഞ്ഞുപോയ്.....
നീ വരില്ലേ..... നീ വരില്ലേ.....
ഇനിയും നീ വരില്ലേ.....
നിൻ നിഴൽ കണ്ട് മയിലുകൾ താനേ
പീലി വിടർത്തിയാടിടുന്നു.....
നിൻ വർണ്ണത്താൽ വാനമ്പാടികൾ
ആർത്തു പാടിടുന്നു.

# മുയലച്ഛൻ പഠിച്ച പാഠം

ഒരിടത്തൊരു കാട്ടിലൊരു മിടുമിടുക്കൻ മുയലച്ഛനുണ്ടായിരുന്നു. അവൻ കാടുമുഴുവൻ ഓടിച്ചാടി നടന്നു കാട്ടുമൃഗങ്ങളെയൊക്കെ കൂട്ടുകാരാക്കി. എനിക്ക് എത്ര കൂട്ടുകാരുണ്ട് ! പിന്നെ ഞാൻ ആരെ പേടിക്കണം? എന്നെ ആരെങ്കിലും ആക്രമിച്ചാൽ കൂട്ടുകാർ രക്ഷിക്കും. അങ്ങനെകരുതി മുയലച്ഛൻ ലല്ലലം പാടി ആടിനടന്നു. പെട്ടെന്നായിരുന്നു അകലെ വേട്ടപ്പട്ടികളുടെ കുര കേട്ടത്. വേട്ടപ്പട്ടികളുടെ കൈയ്യിൽ പെട്ടാൽ അവ കടിച്ചുകീറും. പക്ഷേ തനിക്കുപേടിക്കണ്ട കാര്യമില്ലല്ലോ മുയലച്ഛൻ അങ്ങനെകരുതി ഓടിപ്പോകാൻ തയ്യാറായില്ല. വേട്ടപ്പട്ടികൾ കൂടുതൽ അടുത്തെത്തി. ഉടൻ മുയലച്ഛൻ കുതിരയുടെ അടുത്തുചെന്നു. 'ചേട്ടോ' എന്നെ മുതുകിലേറ്റി ദൂരെ എത്തിക്കൂ മുയലച്ഛൻ അപേക്ഷിച്ചു. കുതിരച്ചേട്ടന് അവന്റെ യജമാനനെയും കൊണ്ട് എവിടെയോ പോകാനുണ്ടായിരുന്നു.

മുയൽ ഉടനെകാളയുടെ അടുത്തുചെന്നു സഹായം ചോദിച്ചു. കാളയും മുയലിനെകൈയ്യൊഴിഞ്ഞു. കാളയ്ക്കു തന്റെ വീട്ടിൽ ഒരു പാർട്ടിയുണ്ടായിരുന്നു. പെട്ടെന്ന് മുയൽ ഓടാൻ തുടങ്ങി അതിവേഗം, അതിവേഗം, ബഹുദൂരം, മിന്നൽപോലെ, കൊടുങ്കാറ്റുപോലെ അവൻ ഓടിരക്ഷപ്പെട്ടു. അന്ന് മുയലച്ഛൻ ഒരു പാഠം പഠിച്ചു. തന്റെ ജീവൻ താൻ തന്നെ രക്ഷിക്കണം. സുഹൃത്തുക്കളെ നോക്കിയിരുന്നാൽ ഫലം ഉണ്ടാകില്ല.

അഖിൽ. എസ്

# നാലിതൾപൂവ്

കുട്ടനൊരോമനപ്പൊൻപനിനീർച്ചെടി
മുറ്റത്തു നട്ടു നനച്ചിരുന്നു
പൊട്ടിത്തഴച്ചു തളിർത്തിളം കമ്പുകൾ
മുറ്റി വളർന്നതു മൊട്ടണിഞ്ഞു

ആരുമറിഞ്ഞതില്ലക്കരു മൊട്ടിലുൾ-
ച്ചേരുന്ന ചാരുരഹസ്യമൊന്നും
ഉച്ചിക്കുടുമയും പാറിച്ചു നിൽക്കുന്ന
കൊച്ചനെന്താവുമെന്നാൽ ഗണിക്കും?

കുട്ടനു മാത്രമുണ്ടെന്തോ ചിലതിങ്ങു
പൊട്ടിവീണേക്കുമെന്നുള്ള ഭാവം
പേടിയും ഹർഷവുമിത്തിരി ധാർഷ്ട്യവും
കൂടിക്കലർന്നോരിടയിളക്കം

ആദ്യത്തെ മൊട്ടിന്നു ചുണ്ടു പോന്നി,ല്ലവ-
ന്നായിരം പൂക്കൾ വിരിഞ്ഞിതുള്ളിൽ;
ആയിരം പൂക്കാലമൊപ്പമെത്തീ പാരി-
ലാദ്യത്തെപ്പൂവൊന്നു കൺമിഴിക്കെ.

കാവിലെ പാട്ട് (ഇടശ്ശേരി ഗോവിന്ദൻനായർ)

അമൽ സുനിൽ

# നിമിഷം

ഓർക്കാനിരിയ്ക്കന്നൊർമ്മകൾക്കൊരു
വേദിയൊരുക്കുവാനായ്
ഓടുന്ന സമയമിതാ എനിക്കായ് മാത്രം
ഒരിയ്ക്കലുമൊരിയ്ക്കലും മറക്കാത്ത വേളയായ്
ഒന്നൊന്നായ് കൊഴിയുന്നിതാ.....
നിമിഷങ്ങളോരോന്നായ്
ഒത്തിരിയൊത്തിരി ചിന്തിച്ചൊരി വേളയിൽ
ഒരുനാളുമില്ലാത്തൊരാശകൾ
ഓരോന്നായ് ചേക്കേറിയെന്നുള്ളിൽ
ഓർമ്മകൾക്കൊരു വസന്തമൊരുക്കി
ഒന്നിനി തിരിച്ചു വരാതെ പോകുന്ന-
ഒരു കൊച്ചു നിമിഷങ്ങൾ മാത്രം നിൽക്കെ
ഒറ്റയ്ക്കുണർന്ന് ഞാനൊത്തിരിയൊത്തിരി
ഓർമ്മകൾക്കിടയിൽ ഇനിയുമിനിയും ഓർമ്മകൾക്കാ
യ്.....
ഒന്നാകുന്നു ഞാനും നിമിഷവും
ഓരോന്നായ് ചേരുന്നു ഞാനും നീയും
ഒടുങ്ങാത്ത പകലിനൊരുണർവിൻ
ഒരുക്കുന്നു ഞാനെൻ വിജയത്തിൻ മോഹങ്ങൾ
ഒരുപോലെ തോന്നുന്ന നിമിഷങ്ങളിതാ
ഒരു പൊന്നുഷസിൻ പിറവിയായ്
ഒരുക്കുന്നൊരു മടിത്തട്ടിൽ
ഒന്നുണർന്ന് ഒരുൾക്കടലായ്

അതുല്യ ആർ കൃഷ്ണ

# നൂതനകേരളം

പടുത്തുയർത്താം നൂതനകേരളം
അദ്ധ്വാനത്താലാരോഗ്യത്താൽ
നമ്മൾക്കുനൽകും പച്ചക്കറികൾ
നമ്മുടെ നാട്ടിൽ കൃഷി ചെയ്യാം
പാവൽ, പടവലം, വഴുതന, വെണ്ടയും
നമ്മൾക്കിവിടെ കൃഷി ചെയ്യാം
നട്ടുനനച്ചു വളവും നൽകി
നല്ലൊരുതോട്ടം നിർമ്മിക്കാം
രാസവളങ്ങൾ പാടേ നീക്കി
ജൈവ വളത്താൽ കൃഷി ചെയ്യാം
ഒത്തൊരുമിച്ചു പ്രയത്നിച്ചാൽ
നൂറുമേനിവിളയിക്കാം
എൻഡോസൾഫാൻ മാരകമാകും
കീടനാശിനിവേണ്ടേ വേണ്ട
പടുത്തുയർത്താം നൂതനകേരളം
അധ്യാനത്താലാരോഗ്യത്താൽ

സുരഭി സന്തോഷ്

# ഓർമ്മകൾ മാത്രം.........

ഒരു മഴക്കാറിന്നു വീശിത്തെളിഞ്ഞെന്റെ

ഒളിമങ്ങുമോർമ്മയിൽ കുളിരലയായ്

ഒരു തെന്നലായ് വന്നു തഴുകിടും കാറ്റിന്റെ

നെറുകയിൽ ഞാനൊന്നു തൊട്ടിടട്ടെ.

ഒഴുകിടുമെന്നോർമ്മ ചെപ്പിലൊരായിരം

കരിവണ്ടു മൂളിപ്പറന്നിടുന്നു

ഒരു കൊച്ചു പൂവാകയാമെന്റെ ഉൾത്തടം

നുകരുവാൻ വന്നിടും കാർവണ്ടുകൾ

വീണ്ടും വിടരാം നിനക്കായ് മാത്രമീ

പൂമുഖ വാതിൽക്കലെൻ പുഞ്ചിരി

നീയെന്നു വന്നിടും കാർവണ്ടിണേ......

എന്റെ ചെഞ്ചുണ്ടിൽ ചായം പുരട്ടിടുവാൻ

എൻ മന്ദഹാസം വിടർത്തിയെൻ മാനസ

ചന്ദനതോപ്പിലെൻ മുഗ്ധഗാനം

മീട്ടുവാനായി നീ വീണ്ടുമണയേണം

കരിതൂകുമോമനേകാർമുകിലേ....

ഏബൽ ജോൺ സ്റ്റീഫൻ..

# സംസാരിച്ച കുട്ടി

ബെല്ലടിച്ചിട്ടും അദ്ധ്യാപകൻ ക്ലാസിൽ എത്തിയില്ല. നരേന്ദ്രൻ എന്ന കുട്ടി തന്റെ കൂട്ടുകാരനെവിളിച്ചിരുത്തി കഥ പറയാൻ തുടങ്ങി.

പെട്ടെന്ന് മാസ്റ്റർ ക്ലാസിലേക്ക് കയറി വന്നു. കുട്ടികൾ അതറിഞ്ഞി ല്ല. അത്രയ്ക്ക് മനോഹരമായാണ് നരേന്ദ്രൻ കഥ പറഞ്ഞുകൊണ്ടിരുന്ന ത്. ക്ലാസ്സിൽ ആരോ ഉച്ചത്തിൽ സംസാരിക്കുന്നത് കേട്ടാണ് മാഷ് കയറി വന്നത്. മാസ്റ്റർക്ക് ദേഷ്യം വന്നു.

അദ്ദേഹം എന്തു ചെയ്തെന്നോ. തലേന്ന് പഠിപ്പിച്ച പാഠത്തിൽ നിന്ന് ഒരു ചോദ്യം ചോദിച്ചു. നരേന്ദ്രൻ ചാടിയെഴുന്നേറ്റ് ഉത്തരം പറഞ്ഞു. അപ്പോൾ മാസ്റ്റർ ചോദിച്ചു.

“ഇവിടെ ആരാണ് സംസാരിക്കുന്നത്?”കുട്ടികളെല്ലാം നരേന്ദ്രനെ തിരെ വിരൽ ചൂണ്ടി. മാസ്റ്റർക്ക് കോപം വന്നു.

നരേന്ദ്രൻ മാത്രമാണ് ചോദ്യത്തിന് ഉത്തരം പറഞ്ഞത്. എന്നിട്ട് ആ കുട്ടിയാണ് സംസാരിച്ചതെന്നോ? ഹും നിങ്ങളിലാരോ ആണ് സംസാരി ച്ചത്. നരേന്ദ്രനൊഴികെ എല്ലാവരും ബഞ്ചിൽ കയറി നിൽക്കൂ” കുട്ടിക ളെല്ലാം ബഞ്ചിൽ കയറി നിന്നു. മാസ്റ്റർ നോക്കുമ്പോഴതാ നരേന്ദ്രനു മുണ്ട് ആ കൂട്ടത്തിൽ.

“നരേന്ദ്രാ, നീയെന്തിനാ ശിക്ഷയനുഭവിക്കുന്നത്?” മാസ്റ്റർ ചോദി ച്ചു.” ക്ഷമിക്കണം മാസ്റ്റർ, ഞാനാണ് സംസാരിച്ചത്. ഞാൻ കൂട്ടുകാരോട് കഥ പറയുകയായിരുന്നു.”

ആ കുട്ടിയുടെ സത്യസന്ധതയിൽ മാഷ് അത്ഭുതപ്പെട്ടു. പിൽക്കാ ലത്ത് ഇന്ത്യയുടെ മഹത്വം ലോകം മുഴുവൻ എത്തിച്ച സ്വാമി വിവേകാന ന്ദനായിരുന്നു
ആ ബാലൻ.

ദേവിക. എസ്

# പൂക്കളെയും വാക്കുകളാക്കുമ്പോൾ

ആരോ പറയുന്നു തെംസ് നദീ, നിന്നോടു
മൂകാനുരാഗം കലർന്നൊരാൾ വന്നുപോൽ
ആകെയിരുണ്ടു തളർന്നിഴയുന്ന നിൻയാതന
കണ്ടാ മിഴികൾ നിറയവേ.
രണ്ടുതുള്ളിച്ചുടുനീർ നിൻ കറുപ്പാർന്ന നെഞ്ചത്തു
വീണുപോൽ, അദ്ഭുതം ! പെട്ടെന്നു
പുഞ്ചിരിക്കൊള്ളാൻ തുടങ്ങിപോൽ തെംസ് നദി !
ആ രാഗമല്ലലായ്, തീവ്രമാം യത്നമായ്ത്തീരവേ
രണ്ടു കരങ്ങളൊരായിരം ധീരഹസ്തളായ് മാറി, നിൻ
നിർജീവവാരിയെക്കോരിക്കഴുയെടുത്തുപോൽ !
ഇന്നു നീ വീണ്ടും ചിരിച്ചാഴുന്നുപോൽ ! നിൻമാറിലന്നങ്ങൾ
വന്നിറങ്ങുന്നുപോൽ തൂമലർമൊട്ടുപോൽ പിന്നെയും നിൻ പ്രിയ
സാമൺ തുടിച്ചു വിടർന്നു കളിച്ചുപോൽ !

തെംസ് നദിയോട് (സുഗതകുമാരി)
അർപ്പിത്. എസ് (സംമ്പാദനം)

# പൂന്തോട്ടം

ആരുണ്ടാക്കിയ പൂന്തോട്ടം
ഞാനുണ്ടാക്കിയ പൂന്തോട്ടം
നോക്കുവിനെന്നുടെ പൂന്തോട്ടം
ആഹാ നല്ലൊരു പൂന്തോട്ടം
ചെടികൾ നട്ടതു ഞാനാണ്
വെള്ളമൊഴിച്ചതു ഞാനാണ്
പുഞ്ചിരി തൂകും പൂക്കളെയെല്ലാം
കൊഞ്ചിക്കുന്നതും ഞാനാണ്
ആഹാ നല്ലൊരു പൂന്തോട്ടം

# തിരിച്ചറിവ്

ഈ അവസ്ഥ മറ്റരെങ്കിലും അനുഭവിച്ചിട്ടുണ്ടോ എന്ന സംശയമാണ്, എന്തായാലും അധികാമാരും അറിഞ്ഞിട്ടുണ്ടാവില്ല തീർച്ച.

അന്നത് ഒരു താമരമൊട്ടായിരുന്നു. ആ മൊട്ടിന്റെ സുഗന്ധം പല വണ്ടുകളേയും ആകർഷിച്ചു. പലരും ആ താമരമൊട്ടുകൾ വിടർത്താൻ പലതവണ ശ്രമിച്ചു എന്നാൽ താമര വിടരാൻ തയ്യാറായി്ല.

കാലം താമരമൊട്ടിനെഒരു ശലഭമാക്കി മാറ്റി, കൗതുകകരമായ ആ കാഴ്ച കണ്ടുനിന്ന ഒരു മുയൽ അതിനെപിടിക്കാൻ പുറകെ നടന്നു. ഭയന്നു പോയ ശലഭം ഒരു പൂവിൽ അഭയം പ്രാപിച്ചു. ദൗർഭാഗ്യവശാൽ പൂ അഴുകി തുടങ്ങിയതായിരുന്നു. പൂവിന്റെ ദുർഗന്ധം ശലഭത്തെ ശ്വാസം മുട്ടിക്കാൻ തുടങ്ങി, ശലഭത്തെ മനസ്സിലാക്കിയ കാലം അതിനെഒരു മാൻപേടയാക്കിമാറ്റി ഒപ്പം മുയലിനെഒരു ചെന്നായയുമാക്കി. പിന്നെയും ഭയന്നുപോയ മാൻ ഓടാൻ തുടങ്ങി, മാംസഗന്ധം വെറിപിടിപ്പിച്ച ചെന്നായ പുറകെയും.

ഒടുവിൽ പാറകൾക്കിടയിലുള്ള മുൾക്കാട്ടിൽ മാൻപേട അഭയം കണ്ടെത്തി. പിറകെ കുതിച്ചുവന്ന ചെന്നായ മുള്ളുകൾ ശ്രദ്ധിച്ചില്ല. അവന്റെ ദേഹം വിണ്ടുകീറി അവൻ പാറകൾക്കിടയിലൂടെ ഉരുണ്ട് വീണു. അവന്റെ തേങ്ങൽ കേട്ട മാൻപേട ഓടി അവന്റെ അടുത്തതെത്തി. അവന്റെ മുറിവുകളിൽ തലോടി, ഒരു നിമിഷം മാൻപേടയുടെ കണ്ണുകൾ നിറയാൻ തുടങ്ങി.

ഈ നിമിഷം അവിടെ ദൈവീകകരമായ ഏതോ ഒരു വികാരം അവിടെ അവരിൽ ഉണ്ടായി. അത് ചെന്നായയെ ഒരു പുരുഷനും മാൻപേടയെ ഒരു സത്രീയുമാക്കി. ഈ നിമിഷം അവിടെ ഒരു ശക്തി രൂപാന്തരപ്പെട്ടു എന്നാണ് വാസ്തവം. പിന്നെയും കാലം അവരിൽ മാറ്റം വരുത്തി. അവർ കാറ്റായി പാറ പറന്നുനടന്നു, ജലമായ് ഒഴുകുകയും അഗ്നിയായ് ജ്വലിച്ചു ഒടുവിൽ പ്രകൃതി തന്നെയായിമാറി.

വിദ്യ ബിജു

# സൗഹൃദം

‘നക്ഷത്രങ്ങളിൽ കാണുന്ന
പ്രകാശമല്ല,
നൈമിഷികമായി
അവസാനിക്കുന്ന സ്വപ്നമല്ല,
‘നമ്മുടെ’ ഹൃദയങ്ങൾ
ഹൃദയം തൊട്ടറിയുന്ന
വികാരമാണ് സൗഹൃദം

ഏബൽ ജോൺ സ്റ്റീഫൻ

# സ്നേഹം

വിശ്വത്തിന്നുദയം സ്നേഹം
വിശ്വത്തിൻ ശക്തിയും സ്നേഹം
വിശ്വത്തിൻ വൃദ്ധിയും സ്നേഹം
സ്നേഹം താനാന്ദ മാർഗ്ഗം
നരകത്തെ നാകമാക്കുന്ന ദിവ്യൗഷധവും സ്നേഹം
ദ്വേഷം നീക്കിടുന്നതും സ്നേഹം മതൊന്നുമാത്രം
കൂരിരുട്ടിൻ നിലാവെളിച്ചമാകുന്നതും  സ്നേഹം
മനുഷ്യ മനസ്സിൽ വിജ്ഞാനം വീശുന്നതും സ്നേഹം
സ്നേഹത്തിൻ വായ്പുരയ്ക്കാൻ
ഞങ്ങളെന്നുമശക്തരാം
ഒന്നുമാത്രമുരച്ചിടാം
വിശ്വസോഭരരായി വർത്തിച്ചീടുകനമ്മൾ

സുരഭി സന്തോഷ്

# തൂടിതാളം തേടി

നമ്മുടെ മാതാവു-കൈരളി - പണ്ടൊരു
പൊന്മണിപ്പൈതലായ് വാണകാലം-
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കാലം-
പെമ്മതന്നുടെ പെൺമുലപ്പാൽതീരെ
വറ്റിയിട്ടില്ലാത്തപൂങ്കണ്ഠത്താൽ പാടിയി
രുന്ന
പഴങ്കതപ്പാട്ടുകൾ പാൽക്കുഴമ്പ്ലോ
ചെകിട്ടിനെല്ലാം.

അക്ഷയ് പ്രശാന്തൻ

# വാർദ്ധക്യം സമാദരണീയമാണ്

പ്രായം ചെല്ലുന്തോറും മരങ്ങൾ നല്ല ഉറപ്പുള്ളവയായി മാറുന്നു. വാർഷിക വലയങ്ങളിലൂടെ കാതലിന് ഉറപ്പും കട്ടിയും കൂട്ടി മരം ദൃഢമാക്കുന്നു. മനുഷ്യരിലും പ്രായം ലോകപരിചയം നേടിക്കൊടുത്ത് ഒരുവനെനല്ല കാഴ്ചപ്പാടുള്ള വ്യക്തിയാക്കി മാറ്റുന്നു.

ഭാരതീയർ വാർദ്ധക്യത്തെ എങ്ങനെകാണുന്നു

മനുഷ്യായുസ്സ് നൂറ്റിഇരുപത് വർഷമാണ്. ഭാരതത്തിലെ കണക്കനുസരിച്ച് 65 വയസ്സുവരെ യൗവ്വനം, അതുകഴിഞ്ഞ് മാത്രമേ വാർദ്ധക്യത്തിലേക്ക് കടക്കുന്നുള്ളൂ. ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം ഇങ്ങനെയാണ് മനുഷ്യാവസ്ഥകൾ. ബാലപ്രായം ശൈശവമാണ് ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, സന്യാസം, വാനപ്രസ്ഥം എന്ന് നാല് അശ്രമങ്ങളാണ്. ബ്രഹ്മചര്യം ഒരു ദീക്ഷ അതായത് വ്രതകാലമാണ് അക്കാലം മുഴുവൻ ഒരുവൻ വിദ്യ അഭ്യസിക്കുന്നു. മറ്റ് ലൗകികകാര്യങ്ങളിലേക്ക് മനസ്സ് കടക്കാതെ ഏകാഗ്രതയോടെ നേടുന്നതിൽ മാത്രം മനസ്സുറപ്പിച്ച് കഴിയണം. ആഡംബരത്തിലെ വസ്ത്രത്തിലോ ആഹാരത്തിലോ ഭ്രമം പാടില്ല. പഴയകാലത്ത് പഠിപ്പിക്കുന്ന ആചാര്യനോടൊപ്പം താമസിച്ച് ഗുരുകുല സമ്പ്രദായത്തിൽ അറിവുകൾ നേടിയിരുന്നു. വിദ്യയുടെ ഘട്ടമായ ബ്രഹ്മചര്യം കഴിഞ്ഞ് ഉപജീവനം നേടി വിവാഹം കഴിച്ച് ഗാർഹസ്ഥ്യ ജീവിതം നല്ല ഗൃഹസ്ഥനായി ജീവിച്ച് ജീവിതത്തിന്റെ വാർദ്ധക്യദശയിൽ സന്യാസം. സന്യാസം എന്നതുകൊണ്ട് ഭാണ്ഡവും കെട്ടി വീടുവിട്ടുപോകണം എന്നല്ല ഉദ്ദേശിക്കുന്നത്. ഭൗതികസുഖങ്ങളെല്ലാം അനുഭവിച്ചു തീർന്നതിനാൽ അതിനോടൊക്കെ വിരക്തി ഉണ്ടായി പിൻഗാമികൾക്ക് വിളക്കു വഴികാട്ടിയുമായി സുഖ ദു:ഖങ്ങളിൽ സമഭാവനയോടെ വീട്ടിൽത്തന്നെ കഴിയണം. വാർദ്ധക്യത്തിൽ എത്തിയാൽ സ്വസ്ഥമായി ജീവിക്കണം. സന്യാസജീവിതത്തിന്റെ അവസാനമാണ് വാനപ്രസ്ഥം അഥവാ വനത്തിൽ പോയി കാലം കഴിക്കുന്നത്.

ഭാവന

# ലിറ്റിൽ കൈറ്റ്സ്



## ബിഷപ്പ് ഹോഡ്ജസ്
## എച്ച്.എസ്.എസ്
### മാവേലിക്കര